കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/2556/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.05-12-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് . സെക്രട്ടറി മുഖേന

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത് - 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ ), മലപ്പുറം

3)പെർഫോമൻസ്ഓഡിറ്റ്
4).കാര്യാലയ പകർപ്പ്

എം.എ.12/17

നം. കെ.എസ്.എ.എം.പി.എം8/2556/2017 തീയതി:05-12-2017

**മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-1-2017മുതൽ 24-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം:

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ. ഷാജി,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-11-2017 മുതൽ 30-11-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻ വീട് (25-11-2017 മുതൽ) | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. സി.അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മൂസ.ഇ ( 24-11-2017 ന് മാത്രം) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സിയാദ്.പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആതവനാട്മുഹമ്മദ്കുട്ടി | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. പി.ജി. കണ്ണൻ നായർ | 1.4.2016മുതൽ 13.6.2016 വരെ |
| | ശ്രീ. ജി. വിജയകുമാർ (I/C) | 14-06-2016 മുതൽ 7.8.2016 വരെ,<br>3.12.2016 മുതൽ 31.3.2017 വരെ |
| | ശ്രീ.പി.വി.സത്യൻ | 8.8.2016 മുതൽ 2.12.2016 വരെ |
| അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ | ശ്രീ. ടി.പി. സുബ്രഹ്മണ്യൻ | 1.4.2016മുതൽ 31.3.2017 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | കുമാരി ശാന്തി. ഐ. എസ് | 1.4.2016മുതൽ 2.10.2016 വരെ<br>01.11.2016 മുതൽ 13.12.2016 വരെ |
| | സഫിയ.ടി, സൂപ്പർവൈസർ | 3.10.2016 മുതൽ 31.10.2016 വരെ |
| | സൈനബ.കെ.ടി., സൂപ്പർവൈസർ | 14.12.2016 മുതൽ 5.1.2017വരെ |
| | ശ്രീദേവിയമ്മ | 6.1.2017 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോഃ വിജിത്ത് വിജയശങ്കർ | 1.4.2016മുതൽ 31.3.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അരുൾ കുമാർ | 1.4.2016മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | | | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വിശദ വിവരം അറിയിക്കേണ്ടതാണ് | 3-1 | |
| 13 | മണ്ണ് സംരക്ഷണ പ്രവർത്തി-മേൽകെട്ടിന് റാന്റം റബിൾ മേസിനറി ഉപയോഗപെടുത്തിയത് | 3-2 | |
| 14 | വിനിയോഗ /പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവു തുക തടസ്സം ചെയ്യുന്നു. | 3-3 | |
| 15 | ഐ.എ.വൈ. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ് | 3-4 | |
| 16 | ഇറിഗേഷൻ പ്രവർത്തി വികസനഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചത് | 3-5 | |
| 17 | റിടെൻഷൻ തുക കുറവ് ചെയ്യാത്തത് | 3-6 | |

| | | | |
|---|---|---|---|
| 18 | മുൻകൂർ പണം നൽകി- ട്രാക്ടർ, വീഡ് കട്ടർ എന്നിവ ലഭ്യമായില്ല. | 3-7 | |
| 19 | ജൈവ വളം, വിത്തുകൾ എന്നിവ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല. | 3-8 | |
| 20 | പാലിന് സബ്സിഡി നൽകൽ സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-9 | |
| 21 | ബ്ളോക്ക് ഓഫീസ് സമുച്ചയം സൗരോർജ്ജ പാനൽ സ്ഥാപിക്കൽ പൂർത്തീകരണം-സംബന്ധിച്ച് | 3-10 | |
| ഭാഗം- 4 | | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 16.03.2016 തിയതിയിലെ 01(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 15-07-2017 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

### വാർഷിക കണക്ക് അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ,മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)അക്രുവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല..

4) തൻവർഷത്തെ സ്റ്റോർ പർച്ചേസിന്റെയും ,ക്ളോസിംഗ് സ്റ്റോക്കിന്റെയും മൂല്യം, എ.എഫ്.എസുമായി ഒത്തു നോക്കാൻ സാധ്യമാകും വിധത്തിൽ രജിസ്റ്ററുകൾ തയാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5)ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറിഅടിസ്ഥാനത്തിൽ തയാറാക്കിയിട്ടില്ല.

6)എല്ലാ മാസവും 10-ആം തിയതിക്കകം Receipt & payment പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

7)ബാങ്ക് ബുക്ക്,കാഷ് ബുക്ക്,റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8)ടെണ്ടർ ഫോം സെയിൽ ഇനത്തിൽ 19600 രൂപ വരവുണ്ട്. സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയ റെജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

9)എ.എഫ്.എസ്. പ്രകാരം സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ബങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 2790898. ബാങ്ക് പത്രിക പ്രകാരം ആയത് 2775625. റികൺസിലിയേഷൻ നടത്തിയിട്ടുമില്ല.

10)വാടക ഇനത്തിൽ 6825 രൂപ വരവു കാണിച്ചിട്ടുണ്ട്. ആയതിന്റെ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയ റജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല..

11)ബി-5 ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ 699500 കാണിച്ചിട്ടുണ്ട്(ലയബിലിറ്റി). 31.3.17 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 24387രൂപയാണ് അടവാക്കാൻ അവശേഷിക്കുന്നത്(മുതൽ-14039 രൂപ പലിശ-10348രൂപ).ലോൺ റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാനായില്ല.

12)ഇൻഷുറൻസ് ക്ലെയിം റീക്കവറി 18455 വരവുണ്ടെങ്കിലും വിശദാംശം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 40612902 |
| വരവ് | 80266088 |
| ആകെ | 120878990 |
| ചെലവ് | 86258600 |
| നീക്കിയിരിപ്പ് | 34620390 |

## 1-5 ഫണ്ട് വിനിയോഗം 2016-17(ACRപ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31716625 | 31716625 | 22671531 | 9045094 | 71.48 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10786779 | 10786779 | 7072302 | 3714477 | 65.56 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 28014 | 28014 | 28014 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4937721 | 4937721 | 3457586 | 1480135 | 70.02 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 99 | 64975942 | 65 | 35627225 | 3 | 31 | 65.7 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

## 1-7 തനത് വരുമാനം. 2016-17

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 87.65 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 48960 | | -48960 | -100 |
| മറ്റുവരവുകൾ | 6300 | 6825 | 525 | 8.33 |
| ആകെ | 55260 | 6825 | -48435 | -87.65 |

## 1-8 ക്ഷേമപദ്ധതികൾ 2016-17- ഇല്ല

## 1-9 ക്യാഷ് വേരിഫിക്കേഷൻ

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ *6(4)*-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *24.11.2017* ന് *10.30*ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മുൻ ദിവസങ്ങളിലെ കളക്ഷൻ ബാങ്കിൽ അടവാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.9.2017 മുതൽ 28.9.2017 വരെ | 16-17 | 17.11.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.7.2017 മുതൽ 10.7.2017 വരെ | 2012-13 മുതൽ 16-17 വരെ | 14.08.2017 |

ഭാഗം-2

വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക ഇനം അനുവദിച്ചത് - തുക നിരാകരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

ചുവടെ ചേർത്തിരിക്കുന്ന റോഡ് പ്രവൃത്തികളെല്ലാം തന്നെ നിലവിൽ നിർമ്മിക്കപ്പെട്ട റോഡുകളുടെ പുരോഗമന പ്രവൃത്തികളാണ്. ടി പ്രവൃത്തികളെല്ലാം ടാറിംങ്ങ് നടത്തുകയോ കോൺക്രീറ്റ്ചെയ്യുകയോ ആണ് അടങ്കലുകൊണ്ടും മൂല്ല്യനിർണ്ണയംകൊണ്ടും അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവർത്തികളിലെല്ലാംതന്നെ റോഡ് നിർമാണത്തിനായി അനുവദിക്കുന്ന 16-1എന്ന ഇനം preparation and consolidating of sub grade with power road roller of 8 to 12 tonne capacity after excavating earth to an average of 22 cm depth , dressing to camber and consolidating with road roller including making good the undulation etc and re rolling the sub grade and disposal of surplus earth with lead up to 50 metres അംഗീകരിച്ച് നൽകിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | അംഗീകരിച്ച ഇനം |
|---|---|---|
| 1 | പുളിചോല കണകണാത്ത് റോഡ് നവീകരണം<br>എഗ്രിമെന്റ് -15/5-8-16<br>M.B - 8&9/16-17<br>ബിൽ - 9/30-11-16<br>മൂല്ല്യ നിർണ്ണയ തു - 546000രൂപ<br>(22%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-മുഹമ്മദ് ബഷീർ | ഇനം 2-6-1 ആയി 492.97 m2 @ 110.77/m2 = 54606.29 |
| 2 | പേരശന്നൂർബിലാൽ നഗർ റോഡ് നവീകരണം<br>എഗ്രിമെന്റ് -11/5-8-16<br>M.B - 10/16-17<br>ബിൽ - 31/31-3-17<br>മൂല്ല്യ നിർണ്ണയ തു - 397500രൂപ<br>(20.5%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-പി.മുഹമ്മദ് ബഷീർ | ഇനം 16-1 ആയി 198m2@110.77=21932.46 |
| 3 | പുത്തനത്താണി അംഗനവാടി റോഡ് നവീകരണം<br>എഗ്രിമെന്റ് -10/5-8-16<br>M.B - 6&7/16-17 | ഇനം 2-6-1 ആയി 342.20 m2 @ 110.77/m2 = 37905.49 |

| | | |
|---|---|---|
| | ബിൽ -8/31-3-17<br>മൂല്ല്യ നിർണ്ണയ തു - 405780രൂപ<br>(20.7%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-പി.മുഹമ്മദ് ബഷീർ | |

അപാകതകൾ

ക്രമ നമ്പർ 1,3 എന്നിവയിൽ ഇനം 2-6-1ന്റെ നിരക്കായി അംഗീകരിച്ചിട്ടുള്ള നിരക്ക് 110.77/m2 ഇനം 16-1 ന്റേതാണ്. അനുവദിച്ച നിരക്കിൽ മാത്രമല്ല ഇന വിവരം ചേർത്തിട്ടുള്ളതും ഇനം 16-1 ന്റേതാണ്. ഇനം . 2-6-1ന്റെ നിരക്ക് 211.91/m3 മാത്രമാണ് ഇത് ഘനമീറ്ററിനാണ് ബാധകമായിട്ടുള്ളത് എന്നാൽ ഇനം 16-1 ചതുരശ്രമറ്ററിനാണ് ബാധകമായിട്ടുള്ളത്, ടി ഇനം ടാറിംങ്ങിനായോ കോൺക്രീറ്റിനായോ അംഗീകരിക്കാനാവില്ല. ആയതിനാൽ അളവെടുപ്പിൽ അംഗീകരിച്ച അളവ്(ചതുരശ്രമീറ്ററിൽ) ഇനത്തിന്റെ വിവരത്തിൽ പരാമർശിച്ച പ്രകാരം പരമാവധി 22 cm താഴ്ചയിൽ ചെയ്തതായി അംഗീകരിച്ച് ചുവടെ ചേർത്തിരിക്കുന്ന അളവുകൾ ഇനം 2-6-1ന്റെ അളവുകളായി അംഗീകരിക്കുന്നു.

ക്രമ നമ്പർ 1- 492.97m2 x0.22=108.45 @ 211.91/m3 =22982

( 54606-22982= 31624) അധിക മൂല്ല്യ നിർണ്ണയ തുകയായ 31624 യുടെ 22% ടെണ്ടർ ഡിക്ഷൻ കഴിച്ച് 24667 രൂപ ഈ പ്രവൃത്തിയിൽ അധിക മൂല്ല്യനിർണ്ണയമായി അംഗീകരിച്ച് നൽകി .

ക്രമ നമ്പർ 3- 342.20m2 x0.22=75.28 @ 211.91/m3 =15953

( 37905-15953=21952) അധിക മൂല്ല്യ നിർണ്ണയ തുകയായ 21952 യുടെ 20.7%ടെണ്ടർ ഡിക്ഷൻ കഴിച്ച് 17408രൂപ ഈ പ്രവൃത്തിയിൽ അധിക മൂല്ല്യനിർണ്ണയമായി അംഗീകരിച്ച് നൽകി .

ക്രമ നമ്പർ 2 ൽ ഇനം 2-7-1 അംഗീകരിച്ച് നൽകിയിരിക്കുന്ന അതേ പ്രതലത്തിൽ തന്നെ ഇനം 16-1 അംഗീകരിച്ചുകാണുന്നു.(മെഷർമെന്റ് ബുക്ക് കാണുക) .ആയതിനാൽ ഇനം 16-1 അനുവദിച്ച മൂല്ല്യം 21932 രൂപ 20.5% ടെണ്ടർ ഡിക്ഷൻ കഴിച്ച് 17436 രൂപ ഈ പ്രവൃത്തിയിൽ അധിക മൂല്ല്യനിർണ്ണയമായി അംഗീകരിച്ച് നൽകി

59511 രൂപ ( 24667 + 17408 + 17436) ക്രമ നമ്പർ 1,2,3 എന്നിവയിൽ അധിക ചെലവായി കണക്കാക്കുന്നു.

ഇന വിവരം തെറ്റായി അനുവദിച്ചിന് ഓഡിറ്റ് എൻക്വയറി 9/28-11-2017മുഖേനെ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയില്ല.ആകെ 59511 രൂപ അധിക ചെലവായി കണക്കാക്കുന്നു.അധിക ചെലവു തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മണ്ണ് സംരക്ഷണ പ്രവൃത്തി-മേൽകെട്ടിന് റാന്റം റബിൾ മേസിനറി ഉപയോഗപെടുത്തിയത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

ബ്ളോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന കോളനികളിലെ മണ്ണ് സംരക്ഷണ പ്രവൃത്തികളിൽ ഫൗണ്ടഷന് മുകളിലുള്ള സൂപ്പർ സ്ട്രക്ചറിന് സിമന്റ് ചാന്ത് ഉപയോഗിച്ചുള്ള കരിങ്കൽകെട്ടാണ് ഉപയോഗപെടുത്തിയിട്ടുള്ളത്. ഇത്തരം കെട്ടുകൾക്ക് കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള പടവും അതിന് മുകളിൽ 7.5 cm കനത്തിലുള്ള കോൺക്രീറ്റ് ബെൽറ്റും മാത്രം അനുവദിച്ചാൽ മതിയാകും എന്നിരിക്കെ നിരക്ക് കൂടിയ ഇനം അനുവദിക്കുന്നത് അധിക ചെലവിന് ഇടയാക്കിയിട്ടുണ്ട്. മാത്രമല്ല ബ്ളോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ ആഞ്ഞൂർ ചോല കോളനി സംരക്ഷണം എന്ന പ്രവൃത്തിയുടെ അടങ്കലിൽ സൂപ്പർ സ്ട്രക്ചർ റാന്റം റബിൾ മേസിനറി എന്ന ഇനം മാറ്റി പകരം മേൽ പരാമർശിച്ച പ്രകാരമുള്ള കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള പടവും , കെട്ടിന് മുകളിൽ പ്ളാസ്റ്ററിംഗും , വശങ്ങളിൽ പോയിന്റിംഗും മാത്രം ഉപയോഗപെടുത്തിയത് പ്രത്യകം കാണുക. ടി പ്രവർത്തികളുടെ എസ്റ്റിമെറ്റ് റിപ്പോർട്ടുകളിലെല്ലാം , കോളനികളിലെ വീടുകൾ സമീപങ്ങളിലായതിനാൽ പാമ്പുകളുടെ ശല്ല്യം ഒഴിവാക്കുന്നതിനാണ് റാന്റം റബിൾ മേസിനറി ഉപയോഗിക്കുന്നത് എന്ന ത് അംഗീകരിക്കാനാവില്ല, കാരണം 0% വോയിഡ്സാണ് കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള പടവിൽ അംഗീകരിച്ച് നൽകുന്നത് ആയതിനാൽ കരിങ്കൽകെട്ടുകൾക്കിടയിൽ വിടവുണ്ടാകാനുള്ള സാധ്യത അംഗീകരിക്കാനാവില്ല. മലപ്പുറം പഞ്ചായത്തിലെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം പ്രവൃത്തികൾക്ക് കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള പടവ്മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ എന്നും. മഴക്കാലങ്ങളിൽ വെള്ളം പുറത്തേക്ക് ഊർന്ന് പോകുന്നതിന് ഇത് തന്നെയാണ് അഭികാമ്യമെന്ന് സാങ്കേതിക ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്ന് കൂടി അറിയിക്കുന്നു.ഓഡിറ്റ് എൻക്വയറി മുഖേനെ ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയില്ല.മേൽ പരാമർശിച്ച പ്രകാരം കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള പടവും അതിന് മുകളിൽ 7.5 cm കനത്തിലുള്ള കോൺക്രീറ്റ് ബെൽറ്റും മാത്രം അനുവദിച്ചാൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന കുറഞ്ഞ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു. മാത്രമല്ല പ്രാദേശിക പരിശോധനയിൽ ചില ഭാഗങ്ങളിൽ മണ്ണ് സംരക്ഷണത്തിനു പകരം പ്രവൃത്തി കുടുംബങ്ങളുടെ അതിർത്തി സംരക്ഷിക്കുന്നതിനായി നിർമ്മിച്ചതായി കാണുന്നു.

| പ്രവർത്തിയുടെ വിവരം | അംഗീകരിച്ച അളവ്, നിരക്ക്@ 5336/m3<br>(റാന്റം റബിൾ മേസിനറി ) | കരിങ്കൽ മാത്രം ഉപയോഗിച്ചുള്ള<br>പടവും ബെൽറ്റും അനുവദിച്ചാൽ ചെലവ് | അധിക ചെലവ് |
|---|---|---|---|
| ചോലക്കാട് SCകോളനി നവീകരണം | 73.43 m3@ 5336/m3=391822 | 73.43 m3@2572.15 =188873 | 391822-199006 =192816ന്റെ18% |

| | | | |
|---|---|---|---|
| എഗ്രിമെൻ്റ് -12/5-8-16<br>M.B - 11/16-17<br>ബിൽ - 22/25-2-17<br>മൂല്യ നിർണ്ണയ തു - 362408രൂപ<br>(18%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-മുഹമ്മദ് ബഷീർ | | belt 1:3:6 cc(DSR 4-1-5) =47.1mx0.5x0.075 =1.77m3 @ 5725.05 =10133<br>total 199006 | ടെണ്ടർ ഡിഡക്ഷൻ കഴിച്ച് 158109രൂപ |
| മണ്ണാർകടവ് SCകോളനി നവീകരണം<br>എഗ്രിമെൻ്റ് -14/5-8-16<br>M.B - 14/16-17<br>ബിൽ - 27/27-3-17<br>മൂല്യ നിർണ്ണയ തു - 401606രൂപ<br>(19%%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-മുഹമ്മദ് ബഷീർ | 79.42m3@ 5336/m3=423785 | 79.42m3@2572.15 =204280<br>belt 1:3:6 cc(DSR 4-1-5) =97.90 mx0.5x0.075=3.67m3 @ 5725.05 =21011<br>total 225291 | 423785-225291 =198494ന്റെ%ടെണ്ടർ ഡിഡക്ഷൻ കഴിച്ച് 160780രൂപ |
| പാറക്കൽSCകോളനി നവീകരണം<br>എഗ്രിമെൻ്റ് -175-8-16<br>M.B - 12/16-17<br>ബിൽ - 21/27-3-17<br>മൂല്യ നിർണ്ണയ തു - | 53.64m3@ 5336/m3=286223 | 53.64m3@2572.15 =137970<br>belt 1:3:6 cc(DSR 4-1-5) =19.55 mx0.5x0.075= 0.733m3 @ 5725.05 =4196 | 286223-142166 =144057ന്റെ 15.3%ടെണ്ടർ ഡിഡക്ഷൻകഴിച്ച് 122016രൂപ |

| | | | |
|---|---|---|---|
| 423500രൂപ<br>(15.3%%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-കൃഷ്ണൻകുട്ടി | | total 142166 | |
| തച്ചാടിപറമ്പ്SCകോളനി നവീകരണം<br>എഗ്രിമെന്റ് -16/5-8-16<br>M.B - 5/16-17<br>ബിൽ - 7/18-2-17<br>മൂല്യ നിർണ്ണയ തു - 391600രൂപ<br>(21.68%ടെണ്ടർ ഡിഡക്ഷൻ കഴിച്ച്)<br>കരാറുക്കാരൻ-മുഹമ്മദ് ബഷീർ | 88.22m3@ 5336/m3=470742 | 88.22m3@2572.15 =226915<br>belt 1:3:6 cc(DSR 4-1-5) =92.7 mx0.5x0.075=3.48m3 @ 5725.05 =19923<br>total 246838 | 470742-226915 =243827 ന്റെ 21.68%ടെണ്ടർ ഡിഡക്ഷൻ കഴിച്ച് 190965രൂപ |

ആകെ 631870 രൂപ ഇത്തരത്തിൽ അധിക ചെലവ് വരുത്തിയത് പ്രത്യകിച്ച് അധിക പ്രയോജനമൊന്നും വരുത്തുന്നില്ലെന്ന് അഭിപ്രായപ്പെടുന്നു.മാത്രമല്ല മണ്ണ് സംരക്ഷണ പ്രവൃത്തികൾ പൊതു സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനായി മാത്രം ചെയ്യാവുന്ന പ്രവൃത്തിയാണെന്നും , ഇത് ഗുണഭോക്തൃ ആവിഷ്കൃത പദ്ധതിയായി നടപ്പാക്കാനും ,വ്യക്തികളുടെ അതിർത്തി/മണ്ണ് സംരക്ഷണ പ്രവൃത്തികൾക്കായി ഇത്തരം പദ്ധതികൾ നടപ്പാക്കാവുന്നത് എന്നത് സംബന്ധിച്ച നിർദേശങ്ങൾ /ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്. അധിക ചെലവു തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വിനിയോഗ /പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

ഹാജരാക്കിയില്ല.ചെലവു തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | ബിൽ നം/ചെക്ക് നം/തിയ്യതി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | 14/30.11.16 | 36335 | IKM വരിസംഖ്യ അടവാക്കിയത് (പ്രൊജക്റ്റ് SOO33/17) |
| 2 | 23/28.2.17 | 200000 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ(പ്രൊജക്റ്റ് SOO70/17) |
| 3 | 15/30.11.16 | 2500000 | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക്തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് SOO77/17) |
| 4 | 25/28.2.17<br>31/28.2.17 | 200000<br>200000<br>100000 | പരിരക്ഷ പദ്ധതി പഞ്ചായത്തുകൾക്ക് വിഹിതം(പ്രൊജക്റ്റ് SOO87/17)<br>മാറാക്കര ഗ്രാമ പഞ്ചായത്ത്<br>ആതവനാട് ഗ്രാമ പഞ്ചായത്ത്<br>കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത് |
| 5 | 27/28.12.17<br>42/28.3.17<br>46/31.3.17 | 125000<br>100000<br>200000 | പാലിയേറ്റീവ് പരിചരണം(വൃദ്ധർ) പഞ്ചായത്ത്വിഹിതം(പ്രൊജക്റ്റ്SOO88/17)<br>എടയൂർ ഗ്രാമ പഞ്ചായത്ത്<br>കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്<br>ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് |
| 6 | 34/28.2.17 | 300000 | സാനിറ്ററി കോംപ്ളക്സ് എടയൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ (പ്രൊജക്റ്റ് SOO96/17) |
| 7 | 47/31.3.17 | 300000 | കൽപകഞ്ചേരി പ്രാഥമിക ആരോഗ്യകേന്ദ്രം സാനിറ്ററി കോംപ്ള ക്സ്ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ(പ്രൊജക്റ്റ് SOO97/17) |
| 8 | 36/28.2.17 | 110000 | എടയൂർ -അത്തിപ്പറ്റ GLPS ടോയ് ലറ്റ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ (പ്രൊജക്റ്റ് SOO98/17) |
| 9 | 43/30.3.17 | 300000 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് മാലിന്യസംസ്കരണം പഞ്ചായത്ത് വിഹിതം നൽകൽ(പ്രൊജക്റ്റ് SOO99/17) |
| 10 | 41/28.3.17 | 6170000 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് മാലിന്യസംസ്കരണം പഞ്ചായത്ത് വിഹിതം നൽകൽ (പ്രൊജക്റ്റ് SOO135/17) |

| | | | |
|---|---|---|---|
| 11 | 24/28.2.17 | 716000 | കൽപകഞ്ചേരി എം.ആർ.എഫ് മാലിന്യ സംസ്കരണം പഞ്ചായത്ത് വിഹിതം (പ്രൊജക്ട് SOO100/17) |
| 12 | 22/28.2.17 | 100000 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ വിവിധ SC കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO111/17) |
| 13 | 16/30.11.16 | 1046753 | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ SC കോളനികളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO118/17) |
| 14 | 26/28.2.17 | 300000 | ബയോഗ്യാസ് പ്ളാന്റ് മാറാക്കര ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ (പ്രൊജക്ട് SOO1233/17) |
| 15 | 38/18.3.17 | 1453402 | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO137/17) |
| 16 | 37/10.3.17 | 869625 | സാമൂഹ്യ സുരക്ഷാമിഷന് വിഹിതം (പ്രൊജക്ട് SOO129/17) |

ആകെ 15327115

ചെലവു തുക താല്കാലികമായി തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിൽ വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ ചെലവു തുക നിരാകരിച്ച് ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-4 ഐ.എ.വൈ. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്

2015-16 വർഷത്തിൽ ഐ.എ.വൈ. പദ്ധതിപ്രകാരം വീടുനിർമാണത്തിനായി കരാർ ചമച്ചിരുന്ന 374 പേരിൽ 100 പേരുടെ വീടുനിർമാണം പൂർത്തിയാകാൻ അവശേഷിച്ചിരുന്നു. അവയിൽ 42 വീടുകളുടെ നിർമാണം 2016-17 സാമ്പത്തിക വർഷത്തിലും പൂർത്തിയായതായി കാണുന്നില്ല.പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം താഴെ കൊടുക്കുന്നു.

ജനറൽ വിഭാഗം-29

എടയൂർ-5 വളാഞ്ചേരി - 8

ആതവനാട്-1 മാറാക്കര- 3

കുറ്റിപ്പുറം- 10 ഇരിമ്പിളിയം-2

എസ്.സി.വിഭാഗം-13

എടയൂർ-2 വളാഞ്ചേരി -5

ഇരിമ്പിളിയം -1 കുറ്റിപ്പുറം-5

മേൽപറഞ്ഞതുൾപ്പെടെ 2006-07 വർഷം മുതൽ ഐ.എ.വൈ. ഭവന നിർമാണ പദ്ധതിയിലൂടെ ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ കൈപറ്റിയ 108 ഗുണഭോക്താക്കൾ ഓഡിറ്റ തിയതി വരെ വീട്ടുനിർമാണം പൂർത്തിയാക്കാനവശേഷിക്കുണ്ട്. പദ്ധതിയുടെ ലക്ഷ്യ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികൾ, ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം വീട്ടുനിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിദാംശങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഇറിഗേഷൻ പ്രവൃത്തി വികസനഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

ഓഡിറ്റ് വർഷം നടപ്പാക്കിയ ഇരിമ്പിളിയം മണ്ണാർകടവ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവർത്തിക്ക് അടങ്കൽ അംഗീകരിച്ചിരിക്കുന്നതും ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളതും ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ് . ഇറിഗേഷൻ പ്രവൃത്തിയുടെ മൊത്തം അടങ്കലിന്റെ 10% തുക 80000രൂപ ഗുണഭോക്തൃ വിഹിതമായി അടങ്കലിൽ ഉൾപെടുത്തുകയും ആയത് ബ്ളോക്ക് പഞ്ചായത്തിൽ 4-3-16ലെ 30നമ്പർ രശീതി പ്രകാരം അടവാക്കിയിട്ടുണ്ടെങ്കിലും മൊത്തം മൂല്ല്യനിർണ്ണയ തുകയുടെ 10% തുക(64981 രൂപ) മാത്രം കുറവ് ചെയത് ബാക്കി തുക മുഴുവനായും വികസനഫണ്ടിൽ നിന്നും പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത്.

| പ്രവർത്തിയുടെ വിവരം | അംഗീകരിച്ച പദ്ധതിയുടെ വിവരം | തുക അനുവദിച്ചതിന്റെ വിവരം |
|---|---|---|
| എഗ്രിമെന്റ് -13/5-8-16<br>M.B - 19/16-17<br>ബിൽ - 30/31-3-17<br>മൂല്ല്യ നിർണ്ണയ തു- 649806രൂപ<br>(ടെണ്ടർ ഡിഡക്ഷൻ കഴിച്ച്) | വികസന ഫണ്ട്-800000<br>ഗുണ. വിഹിതം- 80000 | വികസന ഫണ്ട്-584825<br>ഗുണ. വിഹിതം- 64981 |

പദ്ധതി മാർഗ്ഗരേഖയിൽ ഏറ്റവും കുറഞ്ഞ ഗുണഭോക്തൃ വിഹിതമാണ് ഉൾപെടുത്താൻ നിർദേശിച്ചിട്ടുള്ളത് ആയതിലേക്ക് 80000രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്, ആയതിനാൽ 80000രൂപ കുറവ് ചെയ്ത് ബാക്കി 569806 രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. 15019 രൂപ വികസനഫണ്ടിൽ നിന്നും അധികം പിൻവലിച്ചത് ക്രമത്തില്ല. അപാകതക്ക് ഓഡിറ്റ് എൻക്വയറി 8/28-11-2017 മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയില്ല.വികസനഫണ്ടിൽ നിന്നും അധികം പിൻവലിച്ച 15019 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-6 റിടെൻഷൻ തുക കുറവ് ചെയ്യാത്തത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ ഓഡിറ്റ് വർഷം അനുവദിച്ചിട്ടുണ്ട്. ടി ബില്ലിൽ നിന്നും മൊത്തം മൂല്യനിർണ്ണയ തുകയുടെ 10% തുക റിടെൻഷൻ തുകയായി കുറവ് ചെയ്യേണ്ടിയിരുന്നുവെങ്കിലും ആയത് കുറവ് ചെയ്യാതെയാണ് പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത്..

| |
|---|
| മുഴങ്ങോണി അംഗനവാടി കെട്ടിട നിർമ്മാണം |
| എഗ്രിമെന്റ് -105/26-10-15 |
| M.B - 33/16-17 |
| ബിൽ - 36/29-3-17 |
| മൂല്യ നിർണ്ണയ തുക-438262 |

റിടെൻഷൻ തുക കുറവ് ചെയ്യാത്തിനാൽ 43826 രൂപ അധികമായി ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിക്കപ്പെടുന്നതുവരെയുള്ള കാലം കരാറുക്കാരന് അനർഹമായി അനുവദിക്കാനിടയായിട്ടുണ്ട്,അപാകതക്ക് ഓഡിറ്റ് എൻക്വയറി10/28-11-17 മുഖേന വിശദീകരണംആവശ്യപ്പെട്ടുവെങ്കിലും മറുപടി ഹാജരാക്കിയില്ല. 43826 രൂപക്ക് ഫൈനൽ ബിൽ അനുവദിക്കപെടുന്നതുവരെയുള്ള കാലത്തേക്ക് 12% പലിശ ഈടാക്കേണ്ടതാണ്.

## 3-7 മുൻകൂർ പണം നൽകി- ട്രാക്ടർ, വീഡ് കട്ടർ എന്നിവ ലഭ്യമായില്ല.

അസി.ഡയറക്ടർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായ 'പട്ടികജാതി കാർഷിക കർമ്മസേനക്ക് യന്ത്രോപകരണങ്ങൾ വാങ്ങൽ' എന്ന പദ്ധതി (soo129/2017) (31.3.2017)പ്രകാരം ട്രാക്ടർ, വീഡ് കട്ടർ എന്നിവ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 940890 രൂപ പിൻവലിച്ച് RAIDCO കേരള എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ട്രാക്ടർ, വീഡ് കട്ടർ എന്നിവ ലഭ്യമായിട്ടില്ല. ട്രാക്ടർ, വീഡ് കട്ടർ എന്നിവ ലഭ്യമാക്കി പട്ടികജാതി കാർഷിക കർമ്മസേനക്ക് കൈമാറി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് അസി.ഡയറക്ടർ (കൃഷി)ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (13/ 30.11.2017 )ക്ക് നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി RAIDCO യിൽ അടവാക്കാത്തത് കൊണ്ടാണ് ട്രാക്ടർ, വീഡ് കട്ടർ എന്നിവ ലഭ്യമാവാത്തതെന്ന് അറിയിച്ചു. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജറാക്കിയിട്ടില്ല.

ചെലവ് തുകയായ 940890 രൂപ തടസ്സം ചെയ്യുന്നു. അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ ചെലവു തുക പാഴ് ചെലവിന്റെ ഗണത്തിൽ ഉൾപ്പെടുത്തി ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-8 ജൈവ വളം, വിത്തുകൾ എന്നിവ കൈപ്പറ്റിയതിന്റെ വിവരം

ലഭ്യമാക്കിയില്ല.

അസി.ഡയറക്ടർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായ 'ഹരിതഗ്രാമം -ജൈവപച്ചക്കറികൃഷി' എന്ന പദ്ധതി (soo30/2017) (31.3.2017)പ്രകാരം വനിതാ കാർഷിക ഗ്രൂപ്പുകൾക്ക് ജൈവവളം, വിത്തുകൾ എന്നിവ ലഭ്യമാക്കുന്നതിന് വികസന ഫണ്ടിൽ നിന്ന് 643000 രൂപ പിൻവലിച്ച് VFPCK, വൈലത്തൂർ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ജൈവവളം, വിത്തുകൾ എന്നിവ വിവിധ വനിതാ കാർഷിക ഗ്രൂപ്പുകൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് അസി.ഡയറക്ടർ (കൃഷി)ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (13/ 30.11.2017 )ക്ക് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ചെലവ് തുക 643000 രൂപ തടസ്സം ചെയ്യുന്നു. അപാകതയിന്മേൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് നിരാകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-9 പാലിന് സബ്സിഡി നൽകൽ സർക്കാർ ഉത്തരവ് പാലിച്ചില്ല

പാലിന് സബ്സിഡി നൽകൽ (പ്രൊജക്ട് നം. S0121/17) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ളോക്ക് പഞ്ചായത്തിലെ താഴെപ്പറയുന്ന 7 ക്ഷീര സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലിറ്ററിന് 3 രൂപ പ്രകാരം 254565

രൂപ (ബിൽ നം.2/31.3.17) സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നം | സഹകരണ സംഘത്തിന്റെ പേര് | തുക |
|---|---|---|
| 1 | നോർത്ത് നടുവട്ടം(കുറ്റിപ്പുറം ഗ്രാ.പ) | 37350 |
| 2 | കുറ്റിപ്പുറം നോർത്ത് ,, | 31842 |
| 3 | പകരനെല്ലൂർ ,, | 56763 |
| 4 | പേരശ്ശന്നൂർ ,, | 43992 |
| 5 | കുടശ്ശേരിപ്പാറ (ആതവനാട് ഗ്രാ. പ) | 46029 |
| 6 | ആതവനാട് ,,, | 25443 |
| 7 | കാർത്തല ,, | 13146 |

സർക്കാർ ഉത്തരവ് (എം.എസ്)4/2016 ത.സ്വ.ഭ.വ 11.1.16 പ്രകാരം പാലിന് സബ്സിഡി നൽകൽ പദ്ധതി നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്ത് മുഖേന ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.മേൽ ഉത്തരവിന് വിരുദ്ധമായി ബ്ളോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.പദ്ധതി നടത്തിപ്പിൽ സർക്കാർ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്.

## 3-10 ബ്ലോക്ക് ഓഫീസ് സമുച്ചയം സൗരോർജ്ജ പാനൽ സ്ഥാപിക്കൽ പൂർത്തീകരണം-സംബന്ധിച്ച്

2016-17-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ബ്ളോക്ക് ഓഫീസ് സമുച്ചയം സൗരോർജ്ജ പാനൽ സ്ഥാപിക്കൽ (സൗരോർജ്ജ പാനൽ വൈദ്യുത നിലയവുമായി ബന്ധിപ്പിക്കൽ)(പ്രൊജക്ട്

നം S0122/17) എന്ന പദ്ധതി കെൽട്രോൺ മുഖേന നടപ്പിലാക്കുന്നതിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.17/30.11.16 തുക 4934409

ബിൽ നം.18/30.1.17 തുക 11000

ബിൽ നം.32/28.2.17 തുക 394658

................................

ആകെ 899067

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.കെൽട്രോണുമായി വെച്ച കരാറിൽ പ്രവർത്തി പൂർത്തീകരിക്കുന്ന സമയത്തെകുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. കെൽട്രോൺ സമർപ്പിച്ചബിൽ പ്രകാരമുള്ള 90% തുക നൽകിയിട്ടും ഇതുവരെയും പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

2.പദ്ധതി പ്രകാരം കെ.എസ്.ഇ.ബിക്ക് നൽകുന്ന വൈദ്യുതി സംബന്ധിച്ചും ,ബിൽ തുക സംബന്ധിച്ചും കരാർവെച്ചതായി കാണുന്നില്ല.

പ്രവർത്തി പൂർത്തീകരിക്കുന്നതിന് നടപടി കൈകൊള്ളേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2016-17 | 68700000 | ഐ.എ.വൈ.ഭവന നിർമ്മാണ പദ്ധതി | 25215525 | 3617429 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 13060000 | ഐ.എ.വൈ.ഭവന നിർമ്മാണ പദ്ധതി | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | ബില്ലിന്റെ വിവരം | ബിൽ നം/ചെക്ക് നം/തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ(പ്രൊജക്ട് SOO70/17) | 23/28.2.17 | 200000 | വിവരം ലഭ്യമല്ല |
| കേരളവാട്ടർ അതോറിറ്റി | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക്തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO77/17) | 15/30.11.16 | 2500000 | വിവരം ലഭ്യമല്ല |
| കേരളവാട്ടർ അതോറിറ്റി | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ വിവിധ SC കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO111/17) | 22/28.2.17 | 100000 | വിവരം ലഭ്യമല്ല |
| കേരളവാട്ടർ അതോറിറ്റി | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ SC കോളനികളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO118/17) | 16/30.11.16 | 1046753 | വിവരം ലഭ്യമല്ല |
| കേരളവാട്ടർ അതോറിറ്റി | ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് SOO137/17) | 38/18.3.17 | 1453402 | വിവരം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് -

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്:

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനപദ്ധതി | സ.ഉ(സാധാ) നം115/2013/ 22.3.2013 | 6839000 | 1623561 | 1623561 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ -

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |
| 1999-00 | 3-8,<br>3-17 | 2006-07 | | 3-8 സ്ഥലം വാങ്ങൽഅധിക ചെലവ്<br>3-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ. വിനിയോഗ വിവരം ലഭ്യമാക്കിയില്ല | ,, |
| 2001-02 | 3-3 | 2007-08 | | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2003-04 | 2-10 | ,, | | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-8,3-12,3-16 | ,, | | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | | അടിസ്ഥീന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ ) | 120878990 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86258600 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 691381 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16911005 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 59511 | ടി.പി.സുബ്രഹ്മണ്യൻ,അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 631870 | ടി.പി.സുബ്രഹ്മണ്യൻ,അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 691381 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 15327115 | 3583088-ശ്രീ.പി.വി.സത്യൻ,സെക്രട്ടറി<br>11744027-ശ്രീ.ജി.വിജയകുമാർ, സെക്രട്ടറി ചാർജ്ജ് |
| 3-7 | 940890 | റസിയ. പി, അസി.ഡയറക്ടർ, കൃഷി |
| 3-8 | 643000 | റസിയ. പി, അസി.ഡയറക്ടർ, കൃഷി |
| | 16911005 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.പി.സുബ്രഹ്മണ്യൻ, അസി.എക്സി.എഞ്ചിനീയർ | റിട്ടയർ ചെയ്തു. | തെക്കേപുരക്കൽഹൗസ്, കാരക്കാട്, കവളപാറ പി.ഒ. പാലക്കാട്-679523 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 7 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യത് 10.9.12 | 2 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യത് 10.9.12 | 6 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യത് 10.9.12 | 16 |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യത് 10.9.12 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യത് 20.8.10/10.9.12 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യത് 10.9.12 | 11 |

| | | |
|---|---|---|
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യത് 10.9.12 | 6 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യത്20.8.10 | 6 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/10 തീയ്യത് 17.1.13 | 11 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യത് 16.1.13 | 29 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/1586/10 തീയ്യത് 20.9.2010 | 16 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യത് 18.11.2014 | 1 |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യത് 18.11.2014 | 22 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 | 33 |

1995-96 മുതലുള്ള റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയതിൽ ഭരണ സമിതിയിൽ നിന്നും ത്വരിത ഇടപെടലുകൾ നടത്തി കുടിശ്ശിക ഒഴിവാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.8/2556/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി: 05-12-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM/8/2556/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date::05-12-2017

Certified that I have audited the Annual Financial Statement of Kuttippuram Block panchayath in Malappuram District of the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kuttippuram Block panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director

State Audit Department

Malappuram